കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി താത്കാലികമായി നിയമിതരായ എല്ലാ വിഭാഗം ജീവനക്കാരുടേയും സേവനം മൂന്ന് മാസത്തേക്കു കൂടി താത്കാലികമായി തുടരാൻ അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്

സ. ഉ.(കൈ.)നം.332/12/ആ.കു.വ. തീയതി, തിരുവനന്തപുരം, 05/10/2012

---

പരാമർശം :- 1. 20.06.2012 -ലെ സ.ഉ.(കൈ)നം.187/12/ആ.കു.വ.

2. 20.09.2012 -ലെ സ.ഉ.(കൈ)നം.308/12/ആ.കു.വ.

75576

**ഉത്തരവ്**

സംസ്ഥാനത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ ആശുപത്രികളിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം താത്കാലികമായി നിയമിതരായവരിൽ ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, ലാബ് ടെക്നീഷ്യന്മാർ എന്നിവരുടെ സേവനം മൂന്ന് മാസത്തേക്കുകൂടി താത്കാലികമായി തുടരാൻ പരാമർശം (2) ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ, പരാമർശം (1) ലെ ഉത്തരവനുസരിച്ച് താത്കാലികമായി നിയമിതരായ ഫാർമസിസ്റ്റ്, ക്ലീനിംഗ് സ്റ്റാഫ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, സ്പ്രേമാൻ എന്നീ വിഭാഗം ജീവനക്കാരുടെ സേവനം തുടരാൻ അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (2) ലെ ഉത്തരവിൽ നിർദ്ദേശം നൽകിയിരുന്നില്ല.

2) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം താൽക്കാലികമായി നിയമിക്കപ്പെട്ട - ഫാർമസിസ്റ്റ്, ക്ലീനിംഗ് സ്റ്റാഫ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ. സ്പ്രേമാൻ എന്നിവരുൾപ്പെടെ - എല്ലാ വിഭാഗം ജീവനക്കാരുടേയും സേവനം മൂന്ന് മാസത്തേക്കു കൂടി താത്കാലികമായി തുടരാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം (2) - ലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് സദാനന്ദൻ
പ്രിൻസിപ്പൽ സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.ആർ.എച്ച്.എം., തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട എംഎൽ.എ.മാർക്ക് (എൻ.ആർ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
അഡീഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
ധനകാര്യവകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ